ഈ രംഗത്ത് നമുക്ക് കഴിവുറ്റ, പ്രഗത്ഭൻമാരായ, പ്രഗത്ഭമതികളായ ആളുകളുടെ സേവനം ഉപയോഗപ്പെടുത്താൻ ഗവൺമെൻറിന് സന്തോഷമേയുള്ളു. ഈ ഒരു കരട് സാംസ്കാരിക വകുപ്പിൽനിന്ന് തയ്യാറാക്കിയത്, സാഹിത്യ അക്കാഡമിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അതുകൂടി കിട്ടി വേണ്ടപ്പെട്ടവരുമായി ചർച്ച ചെയ്തതിന് ശേഷം മാത്രമേ തീരുമാനം എടുക്കൂ. ഏത് തീരുമാനം എടുക്കുമ്പോഴും അതിൻെറ ആട്ടോണമസ് സ്വഭാവത്തിൽ എന്തെങ്കിലും കുറവ് വരുത്താൻ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല.

(13) റൂളിങ്ങിൻെറ പേരിൽ സ്പീക്കർക്കെതിരെ സ്വീകരിച്ചതായി പറയപ്പെടുന്ന നിലപാട്.

ശ്രീ. ബേബി ജോൺ: സർ, അങ്ങയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ ഈ സഭയുടെ നടപടിക്രമങ്ങളെ പൊതുവേ ഗൗരവതരമായി ബാധിക്കുന്ന ഒരു പ്രശ്നം കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നത്തെ ചില പത്രങ്ങളിൽ ഒരു വാർത്ത വന്നു. വാർത്ത ആധികാരികമായിട്ട് അല്ല. ആ വാർത്ത എന്നു പറയുന്നത് ''സ്പീക്കറെ മാറ്റാൻ അണിയറ നീക്കം'' എന്നാണ്. നിയമസഭാ സ്പീക്കർ സ്ഥാനത്തു നിന്നും വി. എം. സുധീരനെ മാറ്റുന്നതിന് കോൺഗ്രസ്സ് ഐ-ക്കുള്ളിൽ അണിയറ നീക്കം ആരംഭിച്ചിരിക്കുന്നു. അദ്ദേഹത്തെ നിലയ്ക്ക് നിർത്താനെങ്കിലും കർശനനടപടികളും വേണമെന്നാണ് പാർട്ടി നിയമസഭാ കക്ഷി യോഗം തീരുമാനിച്ചിരിക്കുന്നത്. സ്പീക്കറെ മാറ്റുകയോ മാറ്റാതിരിക്കുകയോ അല്ല പ്രശ്നം. അതിന് പറയുന്ന കാരണം സ്പീക്കർ ബുധനാഴ്ച നിയമസഭയിൽ നൽകിയ റൂളിംഗ് പെട്ടെന്ന് കോൺഗ്രസ്സ് നേതൃത്വത്തെ ചൊടിപ്പിച്ചു എന്നാണ്. ആ റൂളിങ്ങിൽ നിയമസഭയെ റബ്ബർ സ്റ്റാമ്പാക്കി മാറ്റാനുള്ള പ്രവണതയ്ക്കെതിരെ അദ്ദേഹം ഭരണാധികാരികൾക്ക് താക്കീത് നൽകുകയാണ് ചെയ്തത്. റൂളിങ്ങിനെ തുടർന്ന് അടിയന്തിരമായിട്ട് കോൺഗ്രസ്സ് നിയമസഭാ കക്ഷി യോഗം ചേർന്ന് ഇങ്ങനെയാണ് പറയുന്നത്. ഓർഡിനൻസുകളെ പുറപ്പെടുവിക്കുന്നതിനെതിരെ റൂളിങ്ങിൽ ശ്രീ. സുധീരൻ നടത്തിയ കടുത്ത വിമർശനം ഗവൺമെൻറിനെതിരായ കടന്നാക്രമണമായിട്ടാണ് എം.എൽ.എ.മാരുടെ യോഗം കണക്കിലെടുത്തിരിക്കുന്നത്. പ്രസക്തഭാഗങ്ങൾ മാത്രമേ ഞാൻ വായിക്കുന്നുള്ളു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ആര് സ്പീക്കർ ആകണമെന്നുള്ളത് ഭൂരിപക്ഷ കക്ഷികളുടെ നേതാക്കൻമാരും കക്ഷിയുമാണ് തീരുമാനിക്കുന്നത്. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം, ഈ സഭയുടെ നാഥൻ, ഒരിക്കൽ നാഥനായിത്തീർന്നാൽ, അദ്ദേഹത്തിൻെറ പ്രവർത്തനം സംബന്ധിച്ചുള്ള കീഴ്വഴക്കങ്ങളും ചട്ടങ്ങളുമുണ്ട്. അങ്ങ് ഒരു റൂളിങ്ങ് നൽകിയാൽ ആ റൂളിങ്ങിനെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ പാടില്ലായെന്നാണ് ഇതുവരെയുള്ള നടപടിക്രമങ്ങൾ. നമ്മുടെ പാർലമെൻറിലും നിയമസഭകളിലും ഹൗസ് ഓഫ് കോമൺസിലുമൊക്കെ ഹൗസിൻെറ അതോറിട്ടിയെക്കുറിച്ച് പറയുന്നുണ്ട്..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ നടപടിക്രമങ്ങളിൽ അംഗങ്ങൾക്കുള്ള അവകാശമുണ്ട്. നിയമസഭയ്ക്ക് പൊതുവേയുള്ള അവകാശമുണ്ട്. മേയ്സ് പാർലമെന്ററി പ്രാക്ടീസിൽ പറയുന്നുണ്ട്. The Kinds of Authority on which the Rules of Proceedures are based:

(1) The Practice; (2) The Standing Orders and Occasional Orders and Resolutions of either House.....

റൂൾസ് ഓഫ് 'പ്രൊസീഡ്യൂവർ ബേസ്' ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. അതിൽ ഒരു ഭാഗത്ത് ''Rulings from the Chair''.....നമ്മുടെ നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ ബേസ് ചെയ്യുന്നത് കാലാകാലങ്ങളിൽ സഭാനാഥൻ ആയിരിക്കുന്ന സ്പീക്കറുടെ റൂളിങ്ങ് കൂടി ചേർത്താണ്. ഇതാണ് മേയ്സ് പാർലമെന്ററി പ്രാക്ടീസിൽ പറയുന്നത്. ഇതിൽ റൂളിംഗ്സ് പ്രേം ദി ചെയറിനെക്കുറിച്ച് പറയുന്നുണ്ട് ''.....recurring to the previously mentioned analogy with the general law, if ancient usage corresponds to the common law and the standing orders to the Statue law, the rulings of the Speaker in the House, and of the Chairman of the Committee of the whole House afford an obvious parallel to the decisions of judges in the Courts''.....കോടതിയുടെ തീരുമാനം പോലെയാണ് സഭകളെ സംബന്ധിച്ചിടത്തോളം സ്പീക്കർമാരുടെ റൂളിംഗ്സ്. ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ്. ഇത് ഈ സഭയുടെ അവകാശങ്ങളെ ആകെ ബാധിക്കുന്നതാണ്. നമ്മൾ പലപ്പോഴും ആധികാരിക രേഖയായി അവകാശപ്പെടുന്നതും കോട്ട് ചെയ്യുന്നതും 'ശക്തർ ആൻഡ് കൗൾ' ആണ്. ശക്തർ ആൻഡ് കൗളിൽ ഇത് സംബന്ധിച്ച് പറയുന്നുണ്ട്.

Rulings of the Speaker: .....It is the right of the Speaker to interpret the Constitution and Rules, so far as matters in or relating to the House are concerned, and no one, including the Government, can enter into any argument or controversy with the Speaker over such interpretation. His rulings constitute precedents by which subsequent Speakers, members, and officers are guided. Such precedents are collected, and in course of time, formulated as the rules of precedure or followed as conventions. The Speaker's rulings as already stated, cannot be questioned except on a substantive motion. A member who protests against the ruling of commits contempt of the House and the Speaker. The Speaker's decision is equally binding whether given in the House or on a departmental file. He is not bound to give reasons for his decisions. Members cannot criticise directly or indirectly, inside or outside the House, any ruling given, opinion expressed, or statement made by the Speaker.

ഇവിടെ പ്രധാനമായിട്ട് വന്ന വാർത്ത.....(ബഹളം).....അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് ഒരു പ്രശ്നത്തെ സംബന്ധിച്ച് റൂളിങ്ങ് നൽകിയതിനെ തുടർന്ന്. സ്പീക്കറുടെ പേരിൽ നടപടിയെടുക്കുന്നു എന്നു പറഞ്ഞാൽ ഈ സഭയോടുള്ള നിഷേധമാണ്. (ബഹളം) പാർലമെന്ററി ജനാധിപത്യത്തെ കശാപ്പുചെയ്യുകയായിരിക്കും ഇതുവഴി കോൺഗ്രസ്സ് (ഐ) ചെയ്യുന്നത്. പാർലമെന്ററി ജനാധിപത്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ നാമെല്ലാം പ്രതിജ്ഞാബദ്ധരാണ്; നമ്മുടെ ഭരണ ഘടന അനുശാസിക്കുന്നതുമാണ്. കോൺഗ്രസ്സ് (ഐ) പാർല മെന്ററി ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന ആർാച്ചാരൻമാരാകരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിനെ സംബന്ധിച്ച് സഭാനേതാവിന് എന്താണ് പറയാനുള്ളത് എന്ന് അറിയണം.

(ബഹളം)

ശ്രീ. ജി. കാർത്തികേയൻ: സർ, എന്റെ പോയിന്റ് എന്തടിസ്ഥാനത്തിലാണ് അദ്ദേഹം ഇവിടെ ഇത് ഉന്നയിച്ചത് എന്നാണ്. ഇവിടെ കോൺസ്റ്റിറ്റ്യൂഷൻ വയലേറ്റ് ചെയ്തു. സഭാനടപടികളും വയലേറ്റ് ചെയ്തു. ഇവിടെ എന്ത് തർക്കമാണെന്ന് ഞങ്ങൾക്ക് അറിയണം.

(ബഹളം)

മി. സ്പീക്കർ: ഞാൻ ഇതിന് ചർച്ച അനുവദിച്ചിട്ടില്ല.

(ബഹളം)

ശ്രീ. ബേബിജോൺ ഉന്നയിച്ച പ്രശ്നത്തെക്കുറിച്ച് സഭാനേതാവിന് എന്തെങ്കിലും പറയാനുണ്ടെങ്കിൽ കേൾക്കാൻ തയ്യാറാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭയുടെ അന്തസ്സും കീഴ്വഴക്കങ്ങളും നിയമപരമായ നടപടികളുമെല്ലാം കാറ്റിൽ പറത്തിക്കൊണ്ട്, ഈ സഭയുടെ പരിപാവനത്വം കളഞ്ഞുകുളിക്കുന്ന ഇത്തരം പ്രസ്താവനകൾക്ക് മറുപടി അർഹിക്കാത്തതുകൊണ്ട് ഗവൺമെന്റ് മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. (ബഹളം)

ശ്രീ. ഇ.കെ. നായനാർ: സർ, സ്പീക്കർക്കെതിരായി ഒരു ആരോപണം പത്രത്തിൽ വന്നതിനെപ്പറ്റി ഉത്തരവാദപ്പെട്ട ഒരു അംഗം ഉന്നയിച്ചിട്ട് അതിന് മറുപടി പറയാതെ ഉത്തരവാദപ്പെട്ട ഒരു മുഖ്യ മന്ത്രി നിരുത്തരവാദപരമായി ഇത്തരത്തിലുള്ള ഒരു മറുപടി പറഞ്ഞതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. കെ.പി. പ്രഭാകരൻ: സർ, സഭാനടപടി ചട്ടം 304 അനുസരിച്ച് സബ്മിഷൻ ഉന്നയിക്കാൻ മെമ്പർമാർക്ക് അവകാശം ഉണ്ട്. അതനുസരിച്ചാണ് ഇവിടെ സബ്മിഷൻ ഉന്നയിച്ചത്. അതിന് മറുപടി പറയുന്നതിനുപകരം സഭാചട്ടങ്ങൾ കാറ്റിൽപറത്തി എന്നു പറഞ്ഞ് സഭാനേതാവ് ഇത്രയും ധിക്കാരത്തോടുകൂടി ഈ സഭയെ മുഴുവൻ അവഹേളിച്ചുകൊണ്ട് നടത്തിയ പരാമർശനത്തോട് ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയും സഭയിൽ നിന്ന് ഇറങ്ങിപ്പോയി)

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഈ സഭയുടെ ഏറ്റവും വലിയ നാഥനായ അങ്ങയെക്കുറിച്ച് കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി ലോബിയിലും സഭയ്ക്കകത്തും പുറത്തും ആക്ഷേപങ്ങൾ പറയുകയാണ്. അങ്ങ് സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ദിവസം മുതൽ മുഖ്യമന്ത്രിയും അങ്ങും തമ്മിൽ 'ഉരസ്സൽ' എന്ന് ഒരു പ്രമുഖ പത്രം റിപ്പോർട്ട് ചെയ്യുന്നു. അങ്ങയുടെ റൂളിംഗിനെ സംബന്ധിച്ചു ലോബിയിൽ ഇരുന്നുകൊണ്ട് ഭരണകക്ഷി അംഗങ്ങൾ പ്രത്യേകിച്ച് കോൺഗ്രസ്സ് 'ഐ' ക്കാർ ഞങ്ങൾ ഇന്നു തന്നെ പാർല

LIBRARY ARCHIVES Kerala Legislative Assembly

മെൻററി പാർട്ടിയോഗം കൂടും, ഈ കാര്യത്തിൽ ഞങ്ങൾക്ക് വ്യക്തമായ നിലപാടുണ്ടാകും, 'സ്പീക്കർ ഇക്കാര്യത്തിൽ മറുപടി പറയണം.' എന്ന് പാർലമെൻററി പാർട്ടി നേതാവും ഈ ലോബിയിൽ വച്ച് പറഞ്ഞിട്ടുണ്ട്. സഭയ്ക്കകത്തും പുറത്തും അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യാൻ പാടില്ല. സഭയ്ക്ക് പുറത്തു വച്ച് ഇത്തരത്തിൽ ചർച്ച നടത്തിയതിനെ സംബന്ധിച്ചിടത്തോളം ഈ സഭ ഗൗരവത്തിൽ എടുക്കണം. ഒരു കാരണത്താലും കേരളത്തിൻെറ പാരമ്പര്യം വച്ചുകൊണ്ട് സഭാദ്ധ്യക്ഷനെ ധിക്കരിക്കാൻ അനുവദിച്ചുകൂടാ. സഭാനേതാവായ മുഖ്യമന്ത്രി ഈ സഭയുടെ അന്തസ്സ് പാലിക്കാൻ ബാദ്ധ്യതപ്പെട്ട ദേഹമാണ്. അദ്ദേഹം ഈ സഭയെ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്തിരിക്കുന്നു. അങ്ങുമായി വ്യക്തിപരമായ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ ഈ സഭയുടെ അഭിമാനത്തെ ക്ഷതപ്പെടുത്താൻ മുഖ്യമന്ത്രിക്ക് അധികാരമില്ല. അദ്ദേഹത്തിൻെറ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഷൺമുഖദാസും അദ്ദേഹത്തിൻെറ പാർട്ടിയും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. ബേബി ജോൺ: സർ, ഞാൻ ഒരു വാദപ്രതിവാദത്തിന് ഒരുങ്ങുന്നില്ല. ബഹുമാന്യനായ സഭാനേതാവ് അങ്ങയുടെ പരാമർശത്തെ സംബന്ധിച്ചു, പാർലമെൻററി ജനാധിപത്യത്തിൻെറ അവകാശങ്ങളെ സംബന്ധിച്ചു പറയുമെന്നാണ് കരുതിയിരുന്നത്. നിർഭാഗ്യവശാൽ അദ്ദേഹം പറഞ്ഞത് ഞാൻ വളരെ നിരുത്തരവാദപരമായ ഒരു പരാമർശം നടത്തിയെന്നാണ്. എനിക്കതിൽ വേദനയുണ്ട്. ഞാൻ തികഞ്ഞ ഉത്തരവാദിത്വത്തോടുകൂടിയാണ് പറഞ്ഞിട്ടുള്ളത്. അത് ഈ സഭയുടെ മാത്രം അവകാശമാണ്. പാർലമെൻററി ജനാധിപത്യം സംരക്ഷിക്കണമെങ്കിൽ, നിലനിർത്തണമെങ്കിൽ, ശക്തിപ്പെടുത്തണമെങ്കിൽ തീർച്ചയായും ഇങ്ങനെയുള്ള കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിൻമേൽ ഉള്ള അഭിപ്രായപ്രകടനങ്ങൾക്ക് അവസരം കൊടുക്കുകയും വേണം. അതിന് അവസരം നിഷേധിച്ച സഭാനേതാവിൻെറ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിൻെറ പാർട്ടിയും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നിയമസഭാ ചട്ടങ്ങൾ അനുസരിച്ച് ഈ സഭയിൽ നടത്തിയ ഒരു സബ്മിഷനെതിരായി മാന്യമായി മറുപടി പറയേണ്ട സഭാനേതാവ് ഇത്രയും നിരുത്തരവാദപരമായി പറഞ്ഞതിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. തങ്കരാജും അദ്ദേഹത്തിൻെറ പാർട്ടിയും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

മി. സ്പീക്കർ: ഈ സഭയിൽ വന്ന പ്രശ്നം സംബന്ധിച്ചു ഒരു കാര്യം വ്യക്തമാക്കുന്നത് നന്നായിരിക്കും എന്നു ചെയർ കരുതുന്നു. ഈ നിയമസഭയുടെ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്ത അവസരത്തിൽ തന്നെ രണ്ട് മൂന്നു കാര്യങ്ങൾ ചെയർ സഭയ്ക്ക് ഉറപ്പു തന്നിരുന്നു. ഒന്ന്, സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുക. രണ്ട്, ഗവൺമെൻറ് ബിസിനസ് സ്തംഭനം കൂടാതെ നടത്തിക്കൊടുക്കുക. മൂന്ന്, അംഗങ്ങൾക്ക് പരമാവധി അവസരങ്ങൾ നൽകുക. സഭാദ്ധ്യക്ഷൻെറ മുമതലയായ ഈ മൂന്നു കാര്യങ്ങളും അങ്ങേയറ്റം ഉയർത്തി

LIBRARY ARCHIVES Kerala Legislative Assembly

പ്പിടിക്കാൻ ഭരണഘടനയുടേയും സഭാനടപടി ചട്ടങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ചെയർ പ്രതിജ്ഞാബദ്ധമാണ്. ആ നടപടി അങ്ങേയറ്റം നീതിബോധത്തോടും മനസ്സാക്ഷിയോടും കൂടി ജനാധിപത്യത്തിന്റെ ഉന്നതമായ മൂല്യങ്ങളും ഉയർത്തിപ്പിടിച്ചു കൊണ്ട് നടത്തുക എന്ന നടപടിക്രമവുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ ചെയറിന്റെ മുമ്പിൽ, കാലാകാലങ്ങളിൽ വരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ചെയറിന് വസ്തുതകളും വച്ചുകൊണ്ട് റൂളിംഗ് നൽകേണ്ടതായി വരും. ആ റൂളിംഗിനെ സംബന്ധിച്ചിടത്തോളം ചിലപ്പോൾ ചുമതല നിർവ്വഹിക്കാൻ ഉള്ള ശ്രമത്തിനിടയിൽ സഭ അർപ്പിച്ചിട്ടുള്ള വിശ്വാസം അനുസരിച്ച് പ്രവർത്തിക്കുമ്പോൾ ചില റൂളിംഗുകളും ചില തീരുമാനങ്ങളും ചിലപ്പോൾ വസ്തുതകളും വച്ചുനോക്കുമ്പോൾ ചിലർക്കെങ്കിലും സന്തോഷപ്രദമാകാൻ നിവൃത്തിയില്ല.

ചെയറിൽനിന്ന് മുമ്പു നൽകിയ ഒരു റൂളിംഗ്—പ്രതിപക്ഷ നേതാവിന്റെ ഒരു പരാമർശം സംബന്ധിച്ച് നൽകിയ റൂളിംഗ്—സംബന്ധിച്ച് പ്രതിപക്ഷത്തെ കക്ഷിനേതാക്കൻമാർ അന്ന് അതിലുള്ള ചില വസ്തുതകളും ചൂണ്ടിക്കാണിച്ചു. അസാധാരണമായി ചെയർ അന്ന് ഇവിടെ ആ പ്രശ്നം ഉന്നയിക്കാൻ അനുവദിക്കുകയും ചെയ്തു. ഏതെങ്കിലും വ്യക്തികളിൽ നിന്നോ അംഗങ്ങളിൽ നിന്നോ അല്ലെങ്കിൽ പൊതുവായോ ഇത്തരം അഭിപ്രായം വരുമ്പോൾ, ചുമതലകളും നിർവ്വഹിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു ചില അവസരങ്ങളിൽ അസന്തോഷമായ തീരുമാനങ്ങളും എടുക്കേണ്ടി വരും. തീരുമാനങ്ങളും എടുക്കുന്നത് ഒരു കാരണവശാലും വികാർപരമോ വ്യക്തിപരമോ ആയ ഒരു രീതിയിലുമല്ല, മറിച്ച് ഈ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി മാത്രമാണെന്ന് ചെയർ ഉറച്ചു വിശ്വസിക്കുകയാണ്. ഇത്തരം സന്ദർഭങ്ങളും ഉണ്ടാകുമ്പോൾ ഇതൊരു വിവാദപ്രശ്നം എന്നുള്ള രീതിയിൽ പുറത്ത് ചർച്ച വരുന്നത്, പരാമർശനവിഷയമാകുന്നത് തികച്ചും അഭിലഷണീയമായ ഒരു പ്രവണതയാണെന്ന് ചെയർ കരുതുന്നില്ല. ഇതൊരു അവകാശപ്രശ്നമായി ഉന്നയിക്കുന്നതിനേക്കാൾ കൂടുതലായി ഔചിത്യത്തിന്റെ പ്രശ്നമായി ചെയർ കരുതുകയാണ്. അതുകൊണ്ട് ഒരു കാരണവശാലും ഇത്തരത്തിലുള്ള പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സാഹചര്യം ഒഴിവാക്കാൻ ജനാധിപത്യത്തിന്റെ ഏറ്റവും പരമോന്നതമായ സഭയായ ഈ സഭയുടെ അന്തസ്സ് ഓർത്തുകൊണ്ട് എല്ലാ ഭാഗത്തുനിന്നും ശ്രദ്ധിക്കണമെന്നു സവിനയം അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം കൂടി ഈയവസരത്തിൽ പ്രസക്തമാണ്. ചെയറിനെ സംബന്ധിച്ച് തന്നിലർപ്പിച്ച വിശ്വാസങ്ങളും അങ്ങേയറ്റം സത്യസന്ധതയോടും നീതിബോധത്തോടുംകൂടി മുന്നോട്ടു കൊണ്ടുപോകുന്നതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ഈ സഭയിലെ ഏതെങ്കിലുമൊരു കക്ഷിനേതാവ് സഭയിലോ അല്ലെങ്കിൽ അനൗപചാരികമായോ "അങ്ങ് ഈ സ്ഥാനം തുടരുന്നതിൽ ബുദ്ധിമുട്ടുണ്ട്" എന്നറിയിച്ചാൽ ഈ സ്ഥാനം വിട്ടു പോകാൻ ചെയറിനു സന്തോഷമായിരിക്കും. യാതൊരു സംശയവും അക്കാര്യത്തിലില്ല. എത്രകാലം ഇരുന്നു എന്നുള്ളതല്ല, ഇരിക്കുന്ന കാലം ചെയറിന്റെ അന്തസ്സു മാനിച്ചുകൊണ്ട് ഏതു തരത്തിലുള്ള ബാഹ്യമായ സമ്മർദ്ദങ്ങളുണ്ടായാലും—സന്ദർഭങ്ങളും ഉണ്ടാകട്ടെ, ഉണ്ടാകാതിരിക്കട്ടെ—അതു നോക്കാതെ നിഷ്പക്ഷമായ നിലപാടു സ്വീകരിക്കുവാനുള്ള ചെയറിന്റെ അങ്ങേയറ്റത്തെ കൺവിക്ഷനോടു കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം അറിയിക്കുകയാണ്. ഇത്രകാലം ഇരിക്കാമെന്നു ചെയർ ആരോടും വാക്കു പറഞ്ഞിട്ടില്ല. ഇരിക്കുന്ന കാലത്തോളം സഭയുടെ അന്തസ്സും അംഗങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കുവാൻ ബാദ്ധ്യസ്ഥനാണെന്നുമാത്രം ഈയവസരത്തിൽ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

IV. 58 ാം ചട്ടപ്രകാരമുള്ള ചർച്ച

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1982–83–ലേക്കുള്ള വാർഷിക റിപ്പോർട്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ സഭയിൽ ഏറ്റവും ഒടുവിലായി സമർപ്പിക്കപ്പെട്ട 1982–83–ലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വാർഷിക റിപ്പോർട്ട് ചർച്ചചെയ്യണമെന്നാണ് ഞാൻ നോട്ടീസ് നൽകിയിരിക്കുന്നത്. ഈ ചർച്ചയ്ക്ക് സമയം കണ്ടെത്തിയ അങ്ങയെ ഞാൻ ആദ്യമായി അഭിനന്ദിച്ചുകൊള്ളട്ടെ. ധീരമായ നിലയിൽ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ചരിത്രപ്രസിദ്ധമായ തീരുമാനങ്ങളെടുത്തിട്ടുള്ള അങ്ങേയ്ക്ക് ഒരിക്കൽ കൂടി ഞാൻ എന്റെ അഭിനന്ദനത്തിന്റെ പൂച്ചെണ്ട് അർപ്പിച്ചുകൊള്ളട്ടെ. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റിപ്പോർട്ടിൻമേലുള്ള ചർച്ച ഈ സഭയിൽ ഇതിനുമുമ്പ് ഒരിക്കൽ മാത്രമാണ് നടന്നിട്ടുള്ളത്. 1962 ഒക്ടോബർ മാസം 16–ാം തീയതിയാണ് ഈ സഭ ആദ്യമായി പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്തത്. അന്നു ചർച്ച ചെയ്തത് 1960–61–ലെ റിപ്പോർട്ടിൻമേലാണ്. അങ്ങനെ 23 വർഷങ്ങൾക്കു ശേഷം ആദ്യമായി സഭ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള ചർച്ച ആരംഭിക്കുകയാണ്.

സർ, എന്നെ ഇതിലേക്ക് പ്രേരിപ്പിച്ച സംഗതി, ഈ അടുക്കാലത്ത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചർച്ച ലോകസഭയിൽ നടക്കുകയുണ്ടായി, ആ ചർച്ചകളുടെ ചുവടുപിടിച്ചാണ് നമ്മുടെ നിയമസഭയിലും ഇങ്ങനെ ഒരു ചർച്ച ആവശ്യമാണെന്ന് തോന്നി അങ്ങേയ്ക്ക് ഞാൻ നോട്ടീസ് നൽകിയതും. അങ്ങ് സ്നേഹപൂർവ്വം അതിന് സമയം കണ്ടെത്തിയതും. 1962–ൽ ചർച്ച നടക്കുമ്പോൾ അന്ന് കേരളാ പി.എസ്.സി. എന്നു പറയുന്നത് 3 മെമ്പർമാരുള്ളതും ഒരു ചെറിയ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതുമായ ഒരു സ്ഥാപനമായിരുന്നു. 23 വർഷങ്ങൾക്കുശേഷം ഇന്ന് പി.എസ്.സി. ഇൻഡ്യയിലെ ഏറ്റവും വലിയ പബ്ലിക് സർവ്വീസ് കമ്മീഷനായി മാറിയിട്ടുണ്ട്. ചെയർമാനടക്കം 15 അംഗങ്ങൾ ഇന്ന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഉണ്ട്. മാത്രവുമല്ല ഏതാണ്ട് 6 ലക്ഷത്തിനും 8 ലക്ഷത്തിനും ഇടയിൽ അപേക്ഷകൾ ഓരോ വർഷവും അവിടെ കിട്ടി വരുന്നു എന്നാണ് കണക്ക്. അതുപോലെ തന്നെ ഇക്കൊല്ലത്തെ പി.എസ്.സി. യുടെ ചെലവിനത്തിൽ പെടുത്തിയിരിക്കുന്നത് 2 കോടി രൂപയാണ്. പി.എസ്.സി.യുടെ ചുമതലകളും അധികാര പരിധിയും വർദ്ധിച്ചു. അമ്പത്തഞ്ചോളം പൊതുമേഖലാസ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, 3 കോർപ്പറേഷനുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. പി.എസ്.സി.

LIBRARY ARCHIVES Kerala Legislative Assembly